**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3148** **07.02.2018 ൽ മറുപടിയ്ക്ക്**

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ**

| **ചോദ്യം**<br>**ശ്രീ.പി.സി. ജോർജ്** | | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി)** |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മറവിൽ പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ വെച്ചൂചിറ പരുവയിലുള്ള ആദിവാസികൾക്കായുള്ള ഭൂമി, വിലയിൽ കൃത്രിമം കാട്ടി തട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആദിവാസികളെ ഭീക്ഷണിപ്പെടുത്തി ഇത്തരത്തിലുള്ള തട്ടിപ്പ് നടക്കുന്നത് സംബന്ധിച്ച് മംഗളം മാധ്യമത്തിൽ 26/01/2018-ൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേടിനെ സംബന്ധിച്ച് പരിശോധിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി)യും ഈ വിഷയം സംബന്ധിച്ച് പത്തനംതിട്ട ജില്ലാകളക്ടർക്ക് ലഭ്യമായ പരാതി അന്വേഷണം നടത്തുന്നതിന് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഇതിനെ സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ, തഹസീൽദാർ മുതലായവർക്ക് പരാതി നൽകിയിട്ട് നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഡി) | പ്രസ്തുത തട്ടിപ്പിന് ഭൂഉടമയും ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, തഹസീൽദാർ മുതലായവരും കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിയ്ക്കുമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | ആദിവാസികൾക്കെതിരെയുള്ള ഇത്തരം തട്ടിപ്പുകൾക്കെതിരെ ഒരു ഉന്നതതല അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തു കൊണ്ടു വന്ന് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിയ്ക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ